**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **12-12-2022 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ; | (എ) | 30.11.2022 വരെ 37,840 (മുപ്പത്തി ഏഴായിരത്തി എണ്ണൂറ്റി നാൽപ്പത്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിൽ ഉള്ള കണക്കുകൾ ലഭ്യമായിട്ടില്ല. |
| (ബി) | 2016-21 കാലയളവിൽ പി.എസ്.സി. വഴി എത്ര നിയമനങ്ങളാണ് നടത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ; | (ബി) | 1,61,268 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിൽ ഉള്ള കണക്ക് ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല. |
| (സി) | പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദാംശം അറിയിക്കാമോ? | (സി) | റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി. എസ്. സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർ വത്കരിച്ചിട്ടുണ്ട്. ഓൺലൈനായി പരീക്ഷ നടത്തുന്നതിനായി പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും സംസ്ഥാനത്തെ വിവിധ ഗവണ്മെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ പൊതുപ്രാഥമിക പരീക്ഷകൾ നടത്തിവരുന്നു. നിയമന ശിപാർശ കൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ